പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 6796 02.11.2011-ൽ മറുപടിക്ക്

## സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ സേവനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. പി. എ. മാധവൻ<br>ശ്രീ. പാലോട് രവി<br>ശ്രീ. വി. പി. സജീന്ദ്രൻ | | ശ്രീ.പി. കെ. അബ്ദു റബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) കായികാദ്ധ്യാപകൻ ഉൾപ്പെടെയുള്ള സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ സേവനം എല്ലാ വിദ്യാലയങ്ങളിലും ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;<br><br>ബി) ഇതിനായി വിദ്യാഭ്യാസ ജില്ലാ അടിസ്ഥാനത്തിൽ പ്രത്യേക പൂളിംഗ് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;<br><br>സി) എങ്കിൽ ഇതുകൊണ്ട് ഉദ്ദേശിക്കുന്നതെന്താണെന്ന് വ്യക്തമാക്കുമോ ? | എ) ബി) & സി) | 01-10-2011-ലെ സ.ഉ(പി)199/11/പൊവി ഉത്തരവ് പ്രകാരം റവന്യൂ ജില്ലാ തലത്തിൽ ടീച്ചേഴ്സ് ബാങ്ക് രൂപീകരിക്കുന്നതിനും, നിലവിൽ സ്കൂളുകളിൽ ജോലി ചെയ്യുന്ന കായികാദ്ധ്യാപകർ ഉൾപ്പെടെയുള്ള മുഴുവൻ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരേയും ടീച്ചേഴ്സ് ബാങ്കിലേക്ക് മാറ്റുന്നതിനും എല്ലാ സ്കൂളുകളിലും പരിശീലനം സിദ്ധിച്ച സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ സേവനം ലഭ്യമാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങളോടെ വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതിനായി ടീച്ചേഴ് സ് ബാങ്കിൽ ഉൾപ്പെട്ട അദ്ധ്യാപകരുടെയും, സർവ്വ ശിക്ഷാ അഭിയാൻ മുഖേന തെരഞ്ഞെടുക്കുന്ന പാർട്ട് ടൈം സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെയും സേവനം കുട്ടികളുടെ എണ്ണം കണക്കാക്കാതെ തന്നെ എല്ലാ സ്കൂളുകളിലും ലഭ്യമാക്കുന്നതാണ്. ഭാവിയിൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ നിയമനം പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയാക്കി, അവരെ ടീച്ചേഴ്സ് ബാങ്കിൽ നിലനിർത്തി അനുയോജ്യമായ രീതിയിൽ പുനർവിന്യസിക്കുവാനുമാണ് തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ